നം. ഇ.എസ്6-9500/2022/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 03/03/2022

# സർക്കുലർ

വിഷയം : ആരോഗ്യ വകുപ്പ്- ജീവനക്കാര്യം – **നഴ്സിംഗ് ട്യൂട്ടർ** തസ്തികയിലേക്കുള്ള പ്രൊമോഷൻ - കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്-

സൂചന : ഇ. ഇ2-82613/2021/ആ.വ.ഡ, തീയതി. 02.03.2022

2022 വർഷത്തിൽ നഴ്സിംഗ് ട്യൂട്ടർ തസ്തികയിലേക്കുള്ള പ്രൊമോഷൻ നൽകുന്നതിനായി, ഡി. പി. സി യോഗം ചേരുന്നതിന് ഇതോടനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർ അവരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് **20.03.2022** നകം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

കോൺഫിഡൻഷ്യൽ റിപ്പോർട്ടിനോടൊപ്പം സെൽഫ് അസസ്സ്മെന്റ് വ്യക്തമായും കാര്യമാത്ര പ്രസക്തമായും കഴിവതും ടൈപ്പ് ചെയ്തും സമർപ്പിക്കേണ്ടതാണ്. ഒരു കലണ്ടർ വർഷത്തേയ്ക്കാണ് സി. ആർ സമർപ്പിക്കേണ്ടത്. ഒരു വർഷത്തിൽ ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ പ്രത്യേകം പ്രത്യേകം സി. ആർ സമർപ്പിക്കേണ്ടതാണ്. നോൺ ഗസറ്റഡ് വിഭാഗം ഉദ്യോഗസ്ഥർ ഉപയോഗിക്കേണ്ട നിശ്ചിത ഫാറത്തിൽ തന്നെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതാണ്. നിലവിൽ ജോലി ചെയ്യുന്ന തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവിന്റെ പകർപ്പ് കൂടി കോൺഫിഡൻഷ്യൽ റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാർ അവരുടെ **പെൻ നമ്പർ, മൊബൈൽ നമ്പർ** എന്നിവകൂടി CR -ൽ രേഖപ്പെടുത്തേണ്ടതാണ്. ജീവനക്കാർ സി. ആർ കൃത്യമായി സമർപ്പിക്കാതെയും, സി. ആറിൽ പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവ് നൽകാതെയും സമർപ്പിക്കുന്നതിനാൽ ഡി. പി. സി യോഗം ചേരുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ആയതിനാൽ പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാർ സമർപ്പിക്കുന്ന രേഖകൾ കൃത്യമാണോയെന്ന് സ്ഥാപന മേധാവികൾ പരിശോധിക്കേണ്ടതും ആയത് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൃത്യമായ സമയപരിധിക്കുള്ളിൽ രേഖകൾ സമർപ്പിക്കാത്തതിനാൽ പ്രൊമോഷൻ കിട്ടാത്ത സാഹചര്യം ഉണ്ടാകുകയും തദ്വാരാ കോടതി വ്യവഹാരങ്ങളിലേക്ക് പോകുകയും ചെയ്യുന്ന സാഹചര്യം ഉണ്ടായാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താക്കൾ

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്

## ANNEXURE

| Sl.No | Name | Date of Birth | CR to be submitted |
|---|---|---|---|
| 1 | Rose Anila.T.J | 30.5.1971 | 17.12.21 to 31.12.21 |
| 2 | Susan Chako | 31.5.1973 | 2021 |
| 3 | Manju.P.S | 15.5.1976 | 2021 |
| 4 | Tijimol.N.Thomas | 10.5.1970 | 2021 |
| 5 | Shainymol.T.A | 30.5.1973 | 2021 |
| 6 | Shiji Chako | 27.3.1978 | 2019,2020, 2021 |
| 7 | Roshni.V.R | 9.12.1978 | 2019,2020, 2021 |
| 8 | Shyni.S | 28.4.1980 | 2019,2020, 2021 |
| 9 | Rema.V.P | 7.11.1978 | 2019,2020, 2021 |
| 10 | Seena joy | 16.5.1975 | 2019,2020, 2021 |
| 11 | sharmila.K | 13.12.1973 | 2019,2020, 2021 |
| 12 | Raziya.T.M | 30.5.1968 | 2019,2020, 2021 |
| 13 | Bindhu.P.P | 22.12.1976 | 2019,2020, 2021 |
| 14 | T.S.Sreeshma | 9.12.1979 | 2019,2020, 2021 |
| 15 | Sasikala.T.K | 8.6.1974 | 2019,2020, 2021 |

***For Director of Health Services***